ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09.02.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) ദ്വീപ് രാഷ്ട്രമായ സീഷെൽസിന് 175 ദശലക്ഷം ഡോളറിന്റെ പ്രത്യേക സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. സീഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനിയുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി.

   **Prime Minister Narendra Modi today announced a Special Economic Package of 175 million dollars for the Seychelles. The Prime Minister held meeting with the President of the Seychelles, Dr Patrick Herminie in New Delhi.**

2) വിവിധ വിഷയങ്ങൾ ഉന്നയിച്ച് പാർലമെൻറിൽ ഇന്നും പ്രതിപക്ഷ ബഹളം. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

   **The Lok Sabha was adjourned for the day following opposition uproar. Rajya Sabha has taken up the discussion on the Union Budget 2026-27.**

3) സംസ്ഥാനത്ത് SIR നടപടികൾ പൂർത്തിയാക്കിയ ആദ്യ ജില്ല എന്ന നേട്ടം സ്വന്തമാക്കി ആലപ്പുഴ.

   **Alappuzha has achieved the distinction of becoming the first district in the state to complete SIR procedures.**

4) പശ്ചിമ ബംഗാളിൽ **SIR**-മായി ബന്ധപ്പെട്ട പരാതികളും, അവകാശവാദങ്ങളും സമർപ്പിക്കാനുള്ള സമയപരിധി ഒരാഴ്ച കൂടി നീട്ടി സുപ്രീംകോടതി.

**The Supreme Court today ordered an extension of the time for objections by a week from February 14 in the West Bengal SIR case.**

5) നക്സലൈറ്റുകളോട് സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് മടങ്ങി വരാൻ അഭ്യർത്ഥിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

**Union Home Minister Amit Shah has appealed to the remaining active Naxalites to lay down their arms, surrender, and return to the mainstream of society.**

6) പുരുഷ ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിൽ കാനഡ ദക്ഷിണാഫ്രിക്കയെ നേരിടുന്നു.

**In the Men's Twenty-20 Cricket World Cup, the match between Canada and South Africa is underway.**

******************

**PM SEYCHELLES (INTRO)**

ദ്വീപ് രാഷ്ട്രമായ സീഷെൽസിന് 175 ദശലക്ഷം ഡോളറിന്റെ പ്രത്യേക സാമ്പത്തിക പാക്കേജ് പ്രഖ്യാപിച്ച് ഇന്ത്യ. ന്യൂഡൽഹിയിൽ സീഷെൽസ് പ്രസിഡന്റ് പാട്രിക് ഹെർമിനിയുമായി നടത്തിയ സംയുക്ത വാർത്താ സമ്മേളനത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് പ്രഖ്യാപനം നടത്തിയത് . ഭവന നിർമ്മാണം, ഇ-മൊബിലിറ്റി, തൊഴിലധിഷ്ഠിത പരിശീലനം, ആരോഗ്യം, പ്രതിരോധം, സമുദ്ര സുരക്ഷ എന്നിവയ്ക്ക് പാക്കേജ് പിന്തുണ പകരുമെന്ന് ശ്രീ മോദി വ്യക്തമാക്കി. ഇന്ത്യയുടെ മഹാസാഗർ ദർശനത്തിൽ സീഷെൽസിന് പ്രത്യേക സ്ഥാനമുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയിസ്)

ആരോഗ്യം, ഐ.റ്റി തുടങ്ങി വിവിധ മേഖലകളിലായി 7 ധാരണാപത്രങ്ങളിലും ഇന്ത്യയും സീഷെൽസും ഒപ്പുവച്ചു. മെഡിക്കൽ ടൂറിസം, ആരോഗ്യ അടിസ്ഥാന സൗകര്യ വികസനം എന്നിവയിൽ സീഷെൽസുമായി ഇന്ത്യ സഹകരണം

വർധിപ്പിക്കുമെന്നും ശ്രീ മോദി വ്യക്തമാക്കി. ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണനുമായും സീഷെൽസ് പ്രസിഡൻറ് ഇന്ന് കൂടിക്കാഴ്ച നടത്തി.

******************

## PARIKSHA PE CHARCHA (INTRO) AVANI S.K

വിദ്യാർത്ഥികളുടെ കഴിവുകൾ അർത്ഥപൂർണ്ണമായി വിനിയോഗിക്കാൻ വഴിക്കാട്ടുകയാണ് 'പരീക്ഷ പേ ചർച്ച'യുടെ ലക്ഷ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി . പരീക്ഷാ പേ ചർച്ച 9-ാാം പതിപ്പിൻറെ രണ്ടാം ഭാഗത്തിൽ വിദ്യാർത്ഥികളുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. കുട്ടികളുടെ കഴിവുകൾ മറ്റുള്ളവരുമായി താരതമ്യം ചെയ്യരുതെന്ന് മാതാപിതാക്കളോട് പ്രധാനമന്ത്രി നിർദ്ദേശിച്ചു. തന്നേക്കാൾ കഴിവ് മറ്റൊരാളിൽ കണ്ടാൽ അത് സ്വായത്തമാക്കാൻ പരിശ്രമിക്കണമെന്ന് വിദ്യാർത്ഥികൾക്ക് അദ്ദേഹം ഉപദേശം നൽകി. വിദ്യാർത്ഥികളിൽ നിന്നും ആവേശകരമായ പ്രതികരണമാണ് പരീക്ഷാ പേ ചർച്ചയ്ക്ക് ലഭിച്ചത്.

മത്സരപരീക്ഷകളെ ലളിതമായി സമീപിക്കാനുള്ള ആത്മധൈര്യം ഇതിലൂടെ ആർജിക്കാനായെന്ന് തിരുവനന്തപുരം ആർമി പബ്ലിക് സ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർത്ഥിനി
ആവണി എസ് .കെ , ആകാശവാണി വാർത്തകളോട് പറഞ്ഞു.
(വോയ്സ്)

******************

## EVE. LS – ADJOURN

പ്രതിപക്ഷ ബഹളത്തെ തുടർന്ന് ലോക്സഭ ഇന്നത്തേക്ക് പിരിഞ്ഞു. പ്രതിഷേധത്തിൻറെ പശ്ചാത്തലത്തിൽ ഒന്നിലേറെ തവണ നിർത്തി വച്ച സഭാനടപടികൾ രണ്ട് മണിയ്ക്ക് പുനരാരംഭിച്ചപ്പോൾ ബജറ്റ് ചർച്ചയിൽ പങ്കെടുക്കാൻ കോൺഗ്രസ് എംപി ശശി തരൂരിനെ പ്രിസൈഡിങ്ങ് ഓഫീസർ ക്ഷണിച്ചു. എന്നാൽ പ്രതിപക്ഷനേതാവ് രാഹുൽ ഗാന്ധിയ്ക്ക് വിവിധ വിഷയങ്ങളിൽ സംസാരിക്കാൻ അവസരം നൽകണമെന്ന ആവശ്യമാണ് ശശി തരൂർ എംപി മുന്നോട്ട് വച്ചത്. നോട്ടീസ് നൽകിയിട്ടില്ലെന്ന കാരണത്താൽ ഇതിന് പ്രിസൈഡിങ്ങ് ഓഫീസർ അനുമതി നിഷേധിച്ചതോടെ പ്രതിഷേധം ശക്തിപ്പെട്ടതിനാൽ സഭ ഇന്നത്തേക്ക് പിരിയുകയായിരുന്നു.

******************

## REV EVE RS-BUDGET

കേന്ദ്രബജറ്റിന്മേലുള്ള ചർച്ചകൾക്ക് ശേഷം രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു. ഇന്ത്യൻ സമ്പദ് വ്യവസ്ഥയുടെ വളർച്ചാ നിരക്ക് സംബന്ധിച്ച ചോദ്യങ്ങൾ സഭയിൽ ഉയർത്തിയ കോൺഗ്രസ് എംപി പി.ചിദംബരം റവന്യൂ

കമ്മി ഒരു ശതമാനമാക്കി നിലനിർത്തണമെന്നും ആവശ്യപ്പെട്ടു. ശാസ്ത്രം, സാമൂഹിക ക്ഷേമം തുടങ്ങിയ മേഖലകൾക്ക് ബജറ്റ് വിഹിതം കുറച്ചതിനെതിരെയും അദ്ദേഹം ചോദ്യം ഉന്നയിച്ചു. യുപിഎ കാലവുമായി താരതമ്യം ചെയ്യുമ്പോൾ ബജറ്റ് മൂന്നിരട്ടിയായി വർദ്ധിച്ചെന്നും, ദരിദ്ര വിഭാഗങ്ങളുടെയും, കർഷകരുടെയും ക്ഷേമത്തിന് ബജറ്റിൽ പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ടെന്നും ബിജെപി എംപി അരുൺസിങ്ങ് പറഞ്ഞു. തൃണമൂൽ എംപി സുഷ്മിത ദേവ്, ഡിഎംകെ അംഗം പി വിൽസൺ, AIADMK എംപി തമ്പിദുരൈ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

******************

## SIR COMPLETED

സംസ്ഥാനത്ത് S.I.R മായി ബന്ധപ്പെട്ട് ഹിയറിംഗ് ഉൾപ്പെടെ എല്ലാ നടപടികളും പൂർത്തിയാക്കുന്ന ആദ്യ ജില്ലയായി മാറി ആലപ്പുഴ . 2 ലക്ഷത്തി 56,094 കേസുകളിലാണ് ഹിയറിംഗ് നടത്തി പരിശോധന പൂർത്തിയാക്കിയത്. തിരുവനന്തപുരം, എറണാകുളം ജില്ലകളും ആലപ്പുഴക്ക് പിന്നാലെ 100 ശതമാനം എന്ന നേട്ടം സ്വന്തമാക്കി. തിരുവനന്തപുരത്ത് 4 ലക്ഷത്തി 77,546 കേസുകളിലും, എറണാകുളം ജില്ലയിൽ 3 ലക്ഷത്തി 93,113 കേസുകളിലാണ് ഹിയറിംഗ് നടന്നത്. ഫെബ്രുവരി 12-നകം സംസ്ഥാനത്തുടനീളം ഹിയറിംഗ് പ്രക്രിയ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ പറഞ്ഞു.

******************

## SC – SIR –WEST BENGAL

പശ്ചിമ ബംഗാളിൽ SIR-മായി ബന്ധപ്പെട്ട പരാതികളും, അവകാശവാദങ്ങളും സമർപ്പിക്കാനുള്ള സമയപരിധി ഒരാഴ്ച കൂടി നീട്ടി സുപ്രീംകോടതി. ഈ മാസം 14 വരെ അനുവദിച്ചിരുന്ന സമയപരിധിയാണ് കോടതി നീട്ടി നൽകിയത്. തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി അടക്കം സമർപ്പിച്ച ഹർജികളിലാണ് ചീഫ് ജസ്റ്റിസ് സൂര്യകാന്ത്, ഉൾപ്പെട്ട മൂന്നംഗ ബഞ്ചിൻറെ ഉത്തരവ്. എസ്.ഐ.ആർ ഡ്യൂട്ടികൾക്കായി ഗ്രൂപ്പ് ബി ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കാനും സുപ്രീംകോടതി സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകി.

******************

## CM – CANCER CENTRE

അർബുദം പോലുള്ള രോഗങ്ങൾ പ്രതിരോധിക്കുന്നതിന് പൊതുജനപങ്കാളിത്തം ആവശ്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കളമശ്ശേരി മെഡിക്കൽ കോളജ് ക്യാമ്പസിൽ നിർമ്മിച്ച കൊച്ചിൻ കാൻസർ റിസർച്ച് സെൻ്ററിൻ്റെ പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. തെറ്റായ ജീവിത രീതികൾ ഉപേക്ഷിക്കുന്നതും രോഗപ്രതിരോധം പോലെ പ്രധാനമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കാൻസർ രോഗികൾക്ക് ആധുനികവും ഗുണമേന്മയുള്ളതുമായ ചികിത്സ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 450 കോടി രൂപ ചെലവിലാണ് പുതിയ കെട്ടിടം നിർമ്മിച്ചത്.

******************

## STATE BJP

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രത്യേക ക്ഷണപ്രകാരം തിരുവനന്തപുരം നഗരസഭയിലെ ബിജെപി കൗൺസിലർമാരും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളും ദില്ലിയിലേക്ക് യാത്ര തിരിച്ചു. മേയർ വി.വി. രാജേഷിന്റെ നേതൃത്വത്തിലുള്ള സംഘം തമ്പാനൂർ റെയിൽവേ സ്റ്റേഷനിൽ നിന്നാണ് യാത്ര തിരിച്ചത്. മറ്റന്നാൾ വൈകിട്ട് പ്രധാനമന്ത്രിയുടെ വസതിയിൽ നടക്കുന്ന ചടങ്ങിൽ ജനപ്രതിനിധികൾ അദ്ദേഹവുമായി കൂടിക്കാഴ്ച നടത്തും

******************

## DAY AMIT SHAH-NAXALITES (INTRO)

രാജ്യത്ത് അവശേഷിക്കുന്ന നക്സലൈറ്റുകളോട് സമൂഹത്തിൻ്റെ മുഖ്യധാരയിലേക്ക് മടങ്ങി വരാൻ അഭ്യർത്ഥിച്ച് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. പുനരധിവാസം സർക്കാർ ഔചിത്യപൂർവ്വം നിർവഹിക്കുമെന്നും അദ്ദേഹം ഉറപ്പുനൽകി . ഛത്തീസ്ഗഡിൽ ബസ്തർ പാണ്ഡും ഉത്സവത്തിന്റെ സമാപന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

**(VOICE BYTE - അമിത് ഷാ)**

******************

## VAISHNAW-FLAGGED OFF

രാജ്യത്തിന്റെ വടക്കുകിഴക്കൻ മേഖലയ്ക്കായി 11,000 കോടി രൂപയിലധികം റെയിൽവേ ബജറ്റിൽ അനുവദിച്ചിട്ടുണ്ടെന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. മിസോറാമിലെ സൈറംഗിനും അസമിലെ സിൽചറിനും ഇടയിലുള്ള പുതിയ പാസഞ്ചർ ട്രെയിൻ സർവീസുകൾ വെർച്വലായി ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു മന്ത്രി.

******************

## FACT CHECK - EMPLOYMENT SCHEME

2026-ലെ തൊഴിലില്ലായ്മ വേതന പദ്ധതി പ്രകാരം തൊഴിൽരഹിതരായ യുവാക്കൾക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുമെന്ന തരത്തിൽ സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന വീഡിയോ വ്യാജമാണെന്ന് കേന്ദ്രസർക്കാർ. ഇത്തരമൊരു പദ്ധതി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചിട്ടില്ലെന്നും പ്രചരിക്കുന്ന സന്ദേശം വ്യാജമാണെന്നും പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വസ്തുത പരിശോധന വിഭാഗം അറിയിച്ചു. അപരിചിതമായ ലിങ്കുകളിലോ വെബ്സൈറ്റുകളിലോ വ്യക്തിഗത വിവരങ്ങൾ പങ്കുവെക്കരുതെന്ന് പിഐബി മുന്നറിയിപ്പ് നൽകി.

******************

## SC-WHATSAPP-META

വ്യക്തി സ്വകാര്യതയുമായി ബന്ധപ്പെട്ട കമ്പനി നയങ്ങളിൽ പിഴ ഈടാക്കിയതിനെതിരെ മെറ്റയും വാട്സാപ്പും സമർപ്പിച്ച ഹർജികളിൽ വാദം കേൾക്കുന്നത് സുപ്രീംകോടതി ഈ മാസം 23 ലേക്ക് മാറ്റി . ചീഫ് ജസ്റ്റിസ് സൂര്യ കാന്ത് ഉൾപ്പെട്ട ബെഞ്ചിന്റേതാണ് നടപടി.

******************

## T20 WORLD CUP

പുരുഷ ട്വന്റി-20 ക്രിക്കറ്റ് ലോകകപ്പിൽ ഒമാനെതിരെ സിംബാബ്വേയ്ക്ക് 8 വിക്കറ്റ് ജയം. 104 റൺ വിജയലക്ഷ്യം പിന്തുടർന്ന സിംബാബ്വേ 13.3 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ ലക്ഷ്യം മറികടന്നു. ഇന്ന് നടന്ന ആദ്യ മത്സരത്തിൽ ഇറ്റലിക്കെതിരെ സ്കോട്ടലന്റ് 73 റൺസിന് വിജയിച്ചു. മൂന്നാം മത്സരത്തിൽ കാനഡയും ദക്ഷിണാഫ്രിക്കയും തമ്മിൽ ഏറ്റുമുട്ടുകയാണ്. ടോസ് നേടിയ കാനഡ ബൗളിങ് തെരഞ്ഞെടുത്തു.

******************

## Kerala - heat wave

കേരളത്തിൽ പകൽ താപനില ഉയരുന്ന സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി. സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് ഇത് കാരണമായേക്കാം. പകൽ 11 മുതൽ 3 മണി വരെയുള്ള സമയം ശരീരത്തിൽ നേരിട്ട് കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്നും അധികൃതർ മുന്നറിയിപ്പ് നൽകി.

******************

******************

******************